"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികവർഗ്ഗ വികസന വകുപ്പ് - അധിക തസ്തിക സൃഷ്ടിക്കൽ- പട്ടിക വർഗ്ഗ വികസന വകുപ്പിൽ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും, 8 ക്ലർക്ക് തസ്തികകളും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.8/2026/SCSTD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. സ.ഉ (എം.എസ്) നമ്പർ 23/2016/പജപവവിവ തീയതി, 24.02.2016.
2. 2020-ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ട്.
3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 26.02.2022-ലെ E1/12010/21 നമ്പർ കത്ത്.
4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 09.02.2026-ലെ E1-12010/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന വകുപ്പ് കാലാനുസൃതമായി ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 2020-ൽ സമഗ്ര പ്രവൃത്തി പഠനം നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗവികസന വകുപ്പിൽ 7 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും, 34 ക്ലർക്ക് തസ്തികകളും സൃഷ്ടിക്കുന്നതിന് പരാമർശം (3) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2) 2010 ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് പരാമർശം (1) പ്രകാരം 27 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ ക്ലറിക്കൽ തസ്തികകൾ അനുവദിച്ചു നൽകിയിട്ടുള്ളത്. ആകെയുള്ള 54 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ ക്ലറിക്കൽ തസ്തിക അനുവദിക്കാത്ത 27 ഓഫീസുകളിൽ നിർവഹണ/ഫീൽഡ് തല ചുമതലകൾ വഹിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ക്ലറിക്കൽ ജോലി കൂടി ചെയ്യേണ്ടി വരുന്ന സാഹചര്യമാണ് . ഇത് ജോലിഭാരം വർദ്ധിപ്പിക്കുകയും പ്രവർത്തന നിലവാരത്തെ ബാധിക്കുകയും ചെയ്യുന്നതിനാൽ ക്ലറിക്കൽ തസ്തികകൾ ഇല്ലാത്ത ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ ടി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം ശിപാർശ ചെയ്ത 7 ട്രൈബൽ

എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും, 34 ക്ലറിക്കൽ തസ്തികകളും വകുപ്പിന്റെ മുന്നോട്ടുള്ള പ്രയാണത്തിനും, പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനും അനിവാര്യമായതിനാൽ പ്രസ്തുത തസ്തികകൾ അനുവദിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഡയറക്ടർ പരാമർശം (4) പ്രകാരം വീണ്ടും ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശയുടെയും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ **രണ്ട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും എട്ട് ക്ലർക്ക് തസ്തികകളും** സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (ww-ww3/58/2021-FIN dt.10/03/2026)
പൊതുഭരണ (എസ്.സി) വകുപ്പ്. (13.03.2026-ലെ ഇനം നമ്പർ 3954)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abhilash Kumar V S
സെക്ഷൻ ഓഫീസർ
Date: 14-03-2026 17:17:44

പകർപ്പ്:-

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. ഡി1/131/2025/പജപവവിവ. ഇനം നം: 3954

വിഷയം : പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - 2020-ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശുപാർശയുടെയും ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പിൽ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും 8 ക്ലർക്ക് തസ്തികകളും സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

3954

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡി1/131/2025-പജപവവിവ |
| 2. | വകുപ്പ് | : | പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ് |
| 3. | വിഷയം | : | 2020 ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശുപാർശയുടെയും ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പിൽ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും 8 ക്ലർക്ക് തസ്തികകളും സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.03.2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശ്രീജ പി.എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. എ. കൗശിഗൻ |
| 9 | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.03.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. ഒ.ആർ. കേളു. |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

# <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

2020 ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശയുടെയും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും 8 ക്ലർക്ക് തസ്തികകളും സൃഷ്ടിക്കുന്നത് സംബന്ധിച്ച കുറിപ്പാണ് ഇത്.

2. സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന വകുപ്പ് കാലാനുസൃതമായി ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 2020 ൽ നടത്തിയ സമഗ്ര പ്രവൃത്തി പഠനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ 7 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും 34 ക്ലർക്കുമാരുടെ തസ്തികകളും സൃഷ്ടിക്കുന്നതിന് ശുപാർശ നൽകിയിരുന്നു. ടി തസ്തികകൾ സൃഷ്ടിക്കുമ്പോൾ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിനാലും, തസ്തികകൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുകയില്ലാത്തതിനാലും, വകുപ്പിലെ പ്രവർത്തനങ്ങൾ കൃത്യമായ സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയുമെന്നതിനാലും തസ്തിക സൃഷ്ടിക്കാനുള്ള ശുപാർശ തൽക്കാലം പരിഗണിക്കാൻ സാധിക്കില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു.

3. 2010-ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സ.ഉ(എം.എസ്)നമ്പർ 23/2016/പജപവവിവ പ്രകാരം 27 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ ക്ലറിക്കൽ തസ്തികകൾ അനുവദിച്ചു നൽകിയിട്ടുള്ളത്. നിലവിൽ സംസ്ഥാനത്ത് ആകെ 54 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുള്ളതിൽ ക്ലറിക്കൽ തസ്തിക അനുവദിക്കാത്ത മറ്റ് 27 ഓഫീസുകളിൽ നിർവഹണ/ഫീൽഡ് തല ചുമതലകൾ വഹിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ക്ലറിക്കൽ ജോലി കൂടി നിർവ്വഹിക്കേണ്ടി വരുന്ന

സാഹചര്യം നിലനിൽക്കുന്നു. ഇത് ജോലിഭാരം വർദ്ധിപ്പിക്കുകയും പ്രവർത്തന നിലവാരത്തെ ബാധിക്കുകയും ചെയ്യുന്നതായി കാണുന്നു. അതിനാൽ ക്ലറിക്കൽ തസ്തികകൾ ഇല്ലാത്ത ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ ടി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പഠന റിപ്പോർട്ട് ശുപാർശ ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം ശുപാർശ ചെയ്ത 7 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും 34 ക്ലറിക്കൽ തസ്തികകളും വകുപ്പിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കും പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനും അനിവാര്യമായതിനാൽ പ്രസ്തുത തസ്തികകൾ അനുവദിച്ച് ഉത്തരവാകണമെന്ന ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഫയൽ വീണ്ടും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി കൈമാറിയിരുന്നു.

4. ധനകാര്യ വകുപ്പിന്റെ അഭിപ്രായം കണ്ടാലും.

"പട്ടിക വർഗ്ഗ വികസന വകുപ്പിൽ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും 8 ക്ലർക്ക് തസ്തികകളും സൃഷ്ടിക്കുന്നതിന് അനുമതി നല്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി 12.03.2026-ൽ ഉത്തരവിട്ടിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

2020-ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശുപാർശയുടെയും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പിൽ 2 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും 8 ക്ലർക്ക് തസ്തികകളും സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ ?